**കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ**
**ഫോൺ: 0471-2311215, 6238170312, e-mail: kswcfc@gmail.com**
**Website: www.kswcfc.org**

**ബാങ്ക്/എസ്.എസ്.സി/പി.എസ്.സി/ യുപിഎസ്.സി (സിവിൽ സർവ്വീസസ് പരീക്ഷ ഒഴികെ)/മറ്റിതര മത്സര പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായ പദ്ധതി.**

2025-26 വർഷത്തേക്ക് കേരള സംസ്ഥാനത്തെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽപ്പെടുന്ന തൊഴിൽ അന്വേഷകരായ യുവജനങ്ങൾക്ക് വിദ്യാസമുന്നതി മത്സര പരീക്ഷാ പരിശീലന ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ:-

- അപേക്ഷകർ കേരള സംസ്ഥാനത്തിലെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്നവരാകണം.
- അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിൽ **ഒറ്റത്തവണ മാത്രം നിർബന്ധമായും** രജിസ്റ്റർ ചെയ്യേണ്ടതും, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് ലഭിക്കുന്ന User Name & Password ഉപയോഗിച്ച് Login ചെയ്ത് Profile create ചെയ്തതിന്ശേഷം സകോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. മുൻ വർഷം രജിസ്റ്റർ ചെയ്തവർ പ്രസ്തുത User Name & Password ഉപയോഗിച്ച് Login ചെയ്ത് സകോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.
- അപേക്ഷകരുടെ (അപേക്ഷകരുടെ/ പിതാവിന്റെ/ മാതാവിന്റെ/ രക്ഷകർത്താവിന്റെ) കുടുംബ വാർഷിക വരുമാനം **നാല് ലക്ഷം** (**4,00,000**/-) രൂപയിൽ താഴെ ആയിരിക്കണം. (അപേക്ഷകർ ഉൾപ്പെടുന്ന റേഷൻകാർഡിലെ അംഗമായിരിക്കണം)
- കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് അപേക്ഷകർ ഉൾപ്പെട്ട റേഷൻകാർഡിൽ അംഗമായ വ്യക്തിയുടെ (അപേക്ഷകരുടെ/ പിതാവിന്റെ/ മാതാവിന്റെ/ രക്ഷകർത്താവിന്റെ) പേരിലായിരിക്കണം. (***വ്യക്തിഗത വാർഷിക വരുമാന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല)***
- അപേക്ഷകർ ഉൾപ്പെടുന്ന റേഷൻകാർഡിന്റെ 1,2 പേജുകളുടെ പകർപ്പ് അപേക്ഷയോടൊപ്പം Upload ചെയ്യേണ്ടതാണ്.
- പരിശീലന ധനസഹായ പദ്ധതിയിലേക്കുള്ള അപേക്ഷകൾ ഓൺലൈനായിട്ടാണ് സ്വീകരിക്കുന്നത്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ താഴെ പറഞ്ഞിട്ടുള്ള രേഖകൾ സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്.

    1. ജാതി തെളിയിക്കുന്ന രേഖ - വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് (മറ്റ് രേഖകൾ സ്വീകാര്യമല്ല).

2. കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നൽകുന്ന കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്).
3. പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്. (വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽതന്നെ സമർപ്പിക്കേണ്ടതാണ്).
4. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്. (അക്കൗണ്ട് നമ്പർ, ബ്രാഞ്ച്, IFSC വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം).
5. അപേക്ഷകർ ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ 1,2 പേജുകളുടെ പകർപ്പ്
6. SSLC സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

- ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷയുടെയും, ഉള്ളടക്കം ചെയ്യുന്ന രേഖകളുടെയും പകർപ്പ് തപാലിൽ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനിൽ **അയച്ചുതരേണ്ടതില്ല**.
- അപേക്ഷകർ പരീക്ഷ പരിശീലനത്തിനായി നിലവാരമുള്ള സ്ഥാപനങ്ങളിൽ നേരിട്ട് പഠിച്ചുകൊണ്ടിരിക്കുന്നവരാകണം.
- ഓൺലൈനായുള്ള പരിശീലനത്തിന് ധനസഹായം അനുവദിക്കുന്നതല്ല.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകൃത ലൈസൻസ് നേടിയിട്ടുള്ള/ Companies Act പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കുന്നതിന് അർഹതയുള്ളൂ.
- ''<u>**ഒടുക്കിയ ഫീസ് തിരികെ നൽകുന്ന മാതൃകയിൽ ആണ്**''</u> പരിശീലന ധനസഹായം. പരമാവധി 6,000/- രൂപയാണ് ധനസഹായ തുക.
- മത്സര പരീക്ഷാ പരിശീലനം നേടുന്ന അപേക്ഷാർത്ഥിക്ക് അതത് മത്സര പരീക്ഷകൾക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.
- ഒരുവർഷത്തിൽ കൂടുതൽ ദൈർഘ്യമുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾ വിദ്യാസമുന്നതി സ്കോളർഷിപ്പ് പദ്ധതിയിലേക്കാണ് അപേക്ഷിക്കേണ്ടത്. പ്രസ്തുത പദ്ധതിയിലേക്ക് അപേക്ഷിക്കുന്നവർ ഈ പദ്ധതിയിൽ അപേക്ഷിക്കുവാൻ അർഹരല്ല.
- മത്സര പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം ലഭിക്കുന്നതിന് അപേക്ഷകരായ വിദ്യാർത്ഥികൾക്ക് നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കുകളുടെ ഏതെങ്കിലും ഒരു ശാഖയിൽ **പ്രവർത്തനക്ഷമമായ/ സാധുവായ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്**.
- <u>കുറഞ്ഞ കുടംബ വാർഷിക വരുമാന പരിധിയിൽപ്പെടുന്നവർക്ക് മുൻഗണന</u> നൽകികൊണ്ടും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതവുമായിട്ടാണ് അന്തിമപട്ടിക തയ്യാറാക്കി ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യുന്നത്.
- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അപേക്ഷകരായ വിദ്യാർത്ഥികളുടെ പേരിൽ ഉള്ളതുമായ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളൂ. <u>**ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തുന്നതിലെ പിഴവുകൾ / തന്നിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ പ്രവർത്തനക്ഷമമല്ലാതിരിക്കുക/ സാധുത**</u>

**ഇല്ലാതിരിക്കുക എന്നിവ മൂലം ഉണ്ടാകുന്ന miscredit ന് അപേക്ഷകർ മാത്രം ഉത്തരവാദിയായിരിക്കും**.

- ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പായി മാർഗ്ഗനിർദ്ദേശപ്രകാരമുള്ള എല്ലാ വിവരങ്ങളും (രേഖകൾ സഹിതം) ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.
- ഓൺലൈൻ അപേക്ഷയിലെ നേരിയ പിഴവുകൾ അപേക്ഷ നിരസിക്കുന്നതിന് കാരണമാകുമെന്നതിനാൽ അപേക്ഷ സമർപ്പിക്കുന്ന നടപടിക്രമങ്ങൾ അതീവ ജാഗ്രതയോടെ പൂർത്തിയാക്കേണ്ടതാണ്. വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള മാതൃകയിൽ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.
- അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **07/11/2025** ആണ്. തെറ്റായ വിവരം രേഖപ്പെടുത്തിയിട്ടുള്ളതും, അവ്യക്തമായ രേഖകൾ Upload ചെയ്തിട്ടുള്ളതും, അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.
- മത്സര പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്. ഇതുസംബന്ധിച്ച അപ്പീലുകൾ സ്വീകരിക്കുന്നതല്ല.
- ***കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ പ്രസ്തുത പരീക്ഷാ പരിശീലന ധനസഹായം മുമ്പ് ലഭിച്ചവർ പുതുതായി അപേക്ഷിക്കുവാൻ അർഹരല്ല.***
- പരീക്ഷാ പരിശീലന ധനസഹായത്തിനായി ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന അപേക്ഷകർക്ക് അപേക്ഷയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേക്ക് SMS/e-mail ലഭിക്കുന്നതാണ്. **SMS/e-mail ലഭിക്കുന്ന അപേക്ഷകർ മാത്രം താഴെപ്പറയുന്ന രേഖകൾ** തപാലിൽ Kerala State Welfare Corporation for Forward Communities Ltd, L2, Kuleena, Jawahar Nagar, Kowdiar. P.O., Thiruvananthapuram- 3 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

  - ഓൺലൈൻ അപേക്ഷയുടെ പകർപ്പ്.
  - ജാതി തെളിയിക്കുന്ന രേഖ - വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് (മറ്റ്രേഖകൾ സ്വീകാര്യമല്ല)
  - കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നൽകുന്നത്).
  - പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റ് (വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ തന്നെ സമർപ്പിക്കേണ്ടതാണ്).
  - അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്. (അക്കൗണ്ട് നമ്പറും, ബ്രാഞ്ചും വ്യക്തമായി രേഖപ്പെടുത്തിയത്).
  - അപേക്ഷകർ ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ 1,2 പേജുകളുടെ പകർപ്പ്
  - SSLC സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
  - പരിശീലനത്തിനായി 01/01/2025 നും 31/12/2025 നും ഇടയിൽ ഫീസ് ഒടുക്കിയതിന്റെ അസ്സൽ രസീത്.